# യോഹന്നാന്റെ ജീവപഠനം

## ദൂത് മുപ്പത്തിമൂന്ന്

## ത്രിയേകദൈവത്തിന്റെ ജൈവരൂപം ദിവ്യപ്പകർച്ചയിൽ

## (1)

ഈ ദൂതിൽ നാം യോഹന്നാൻ 15-ലേക്ക് വരുന്നു. ഈ അദ്ധ്യായത്തെ പതിനാലും പതിനാറും അദ്ധ്യായങ്ങളിൽനിന്ന് വേറിട്ട് നാം പരിഗണിക്കരുത്. കാരണം, കർത്താവായ യേശു, താൻ ഒറ്റിക്കൊടുക്കപ്പെടുകയും ബന്ധിക്കപ്പെടുകയും ചെയ്യുന്നതിനുമുമ്പ്, നൽകിയ ഒറ്റ ദൂതാണ് ഈ മൂന്ന് അദ്ധ്യായങ്ങളും. പതിനഞ്ചാം അദ്ധ്യായം പതിനാലാം അദ്ധ്യായത്തിന്റെ തുടർച്ചയാണെന്നതിന് യാതൊരു സംശയവുമില്ല. അവിടെ നാം പരസ്പരനിവാസം, മനുഷ്യത്വവുമായുള്ള ദിവ്യത്വത്തിന്റെ ഇഴുകിച്ചേരൽ കാണുന്നു. യോഹന്നാൻ 14 മനസ്സിലായിക്കഴിഞ്ഞാൽ, യോഹന്നാൻ 15 പരിഗണിക്കുവാൻ നാം ഒരുക്കപ്പെട്ടവരാണ്.

മുന്തിരിവള്ളിയായി കർത്താവിനെയും ശാഖകളായി നമ്മെയും സംബന്ധിച്ച അത്ഭുതകരമായ ഒരു അദ്ധ്യായമായ യോഹന്നാൻ 15 മിക്ക ക്രിസ്ത്യാനികൾക്കും വളരെ പരിചിതമാണ്. ഒരു മുന്തിരിവള്ളി എന്താണെന്നും, ഒരു മുന്തിരിവള്ളിയും അതിന്റെ ശാഖകളും തമ്മിലുള്ള ബന്ധം എന്താണെന്നും നമുക്കറിയാം എന്നതുകൊണ്ട്, ഈ അദ്ധ്യായം മനസ്സിലാക്കുവാൻ നമുക്ക് എളുപ്പമാണ് എന്ന് തോന്നിയേക്കാം. എന്നുവരികിലും, യോഹന്നാൻ 15 ആണ് ഒരുപക്ഷേ പുതിയനിയമത്തിലെ ഏറ്റവും ഗഹനമായ അദ്ധ്യായം. ഈ അദ്ധ്യായത്തിന്റെ ഗഹനമായ അർത്ഥം ശരിയായും മതിയായ വിധത്തിലും മനസ്സിലാക്കണമെങ്കിൽ, ദൈവത്തിന്റെ കേന്ദ്രചിന്തയും യോഹന്നാന്റെ സുവിശേഷം എഴുതുന്നതിലുള്ള പരിശുദ്ധാത്മാവിന്റെ ഉദ്ദേശ്യവും നാം മനസ്സിലാക്കണം. കർത്താവായ യേശു ദൈവത്തിന്റെ ആവിഷ്കാരമാണ് എന്ന്, മനുഷ്യരൂപത്തിൽ ആവിഷ്കരിക്കപ്പെട്ട ദൈവംതന്നെയാണ് എന്ന്, ഈ സുവിശേഷം വെളിപ്പെടുത്തുന്നു. നമുക്ക് അവനെ

നമ്മുടെ ജീവനായും എല്ലാമായും സ്വീകരിക്കുന്നതിന് അവൻ ഇപ്രകാരം ആവിഷ്കരിക്കപ്പെട്ടു. അവൻ നമ്മുടെ ജീവനും സകലവും ആകുന്നതുവരെ, അവനെത്തന്നെ നമ്മിലേക്ക് പണിതുചേർക്കുക എന്നതാണ് അവന്റെ ഉദ്ദേശ്യം. നമ്മുടെ ജീവനാകുന്നതിലൂടെ അവന് നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റുവാൻ സാധിക്കുമെന്ന് മൂന്നു മുതൽ പതിനൊന്നു വരെയുള്ള അദ്ധ്യായങ്ങൾ വെളിപ്പെടുത്തുന്നു. അവൻ നമുക്ക് ജീവനായിരിക്കുന്നതിന്റെ ഫലവും വർദ്ധനവും പന്ത്രണ്ടാം അദ്ധ്യായം നമ്മെ കാണിക്കുന്നു. നമ്മുടെ ജീവനിലുള്ള കൂട്ടായ്മ നിലനിർത്തുവാനുള്ള മാർഗ്ഗം പതിമൂന്നാം അദ്ധ്യായം ചൂണ്ടിക്കാണിക്കുന്നു. പിന്നെ പതിനാലാം അദ്ധ്യായം അവന്റെ മരണപുനരുത്ഥാനങ്ങളാലും, ജഡത്തിൽനിന്ന് ആത്മാവായുള്ള അവന്റെ കായാന്തരണത്താലും, അവന് അവനെത്തന്നെ നമ്മിലേക്ക് പണിതുചേർക്കുവാൻ കഴിയുമെന്ന് നമുക്ക് വെളിപ്പെടുത്തിത്തരുന്നു. പതിനാലാം അദ്ധ്യായത്തിന്റെ സമയമായപ്പോഴേക്ക് യാഥാർത്ഥ്യത്തിന്റെ ആത്മാവ് മുഖാന്തരം അവൻ അവനെത്തന്നെ നമ്മിലേക്ക് പണിതുചേർത്തു. ഇപ്പോൾ അവൻ നമ്മുടെ ജീവനും നമ്മുടെ സാരാംശവുമാണ്. അവന് അധികമധികമായി അവനെത്തന്നെ നമുക്ക് വെളിപ്പെടുത്തുകയും പ്രത്യക്ഷപ്പെടുകയും ചെയ്യത്തക്കവണ്ണം നാം അവനുമായി സഹകരിക്കുവാൻ കാത്തുകൊണ്ട് അവൻ നമ്മുടെ ഉള്ളിൽ ജീവിക്കുന്നു. നമ്മെ സന്ദർശിക്കുവാനും നമ്മോടൊത്ത് വസിക്കുവാനും നമ്മെ അവന്റെ നിവാസമാക്കുവാനുമായി പിതാവും അവനോടൊപ്പം വരുന്നു(14:23). അതായത്, പിതാവ് അവനിലും ആത്മാവിലൂടെയും പൂർണ്ണമായി നമ്മോട് ഇഴുകിച്ചേരും. പിതാവ് പുത്രനിലും ആത്മാവിലൂടെയും നമ്മുടെ നിവാസമാവുകയും, നാം ത്രിയേകദൈവത്തിന്റെ നിവാസമാവുകയും ചെയ്യും. ഇപ്രകാരം ത്രിയേകദൈവവും നാമും, നാമും ത്രിയേകദൈവവും ചേർത്തുപണിയപ്പെടും; അതായത്, ദൈവവും മനുഷ്യനും, മനുഷ്യനും ദൈവവും ഒന്നായി ചേർത്തുപണിയപ്പെടും. ഈ അത്ഭുതകരമായ ഒരുമയാണ് ദൈവത്തിന്റെ കേന്ദ്രചിന്ത. സർവ്വപ്രപഞ്ചത്തിലും ദൈവത്തിന്റെ ആത്യന്തിക ഉദ്ദേശ്യം പിതാവ് പുത്രനിൽ ആത്മാവായി നമ്മിലേക്ക് പണിതുചേർക്കപ്പെടുകയും, ത്രിയേകദൈവവും മനുഷ്യത്വവും ഒരു പരസ്പരനിവാസമാകുംവരെ നമ്മോട് ഇഴുകിച്ചേരുകയും ചെയ്യുക എന്നതാണ്. പതിനാലാം അദ്ധ്യായത്തിന്റെ പഠനത്തിൽ നാം ഇത് കണ്ടു. ഇതാണ് പതിനഞ്ചാം അദ്ധ്യായത്തിന്റെ പശ്ചാത്തലം.

പതിനഞ്ചാം അദ്ധ്യായത്തിലെ ദൈവത്തിന്റെ വെളിപ്പാട് അർത്ഥപൂർണ്ണവും അഗാധവും സർവ്വവും ഉൾകൊള്ളുന്നതുമാണ്. ഈ വെളിപ്പാടിന്റെ ചിന്തയും അർത്ഥവും വളരെ ആഴമുള്ളവയാണ്. ത്രിയേകദൈവം വ്യക്തമായി വെളിപ്പെട്ടിരിക്കുന്നു എന്നതാണ് ഈ അദ്ധ്യായത്തിൽ ചൂണ്ടിക്കാണിക്കേണ്ട ആദ്യത്തെ കാര്യം. കൃഷിപ്പണിയോടോ തോട്ടത്തോടോ വിളവെടുപ്പിനോടോ ബന്ധപ്പെട്ട ഒരു തോട്ടക്കാരനായി പിതാവായ ദൈവം വെളിപ്പെട്ടിരിക്കുന്നു. ഒരു

തോട്ടക്കാരൻ കൃഷിയിടത്തിന്റെ സ്രോതസ്സും കാരണഭൂതനും സ്ഥാപകനും തോട്ടമുടമയും ആണ്. അവൻ ഒരു സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്നവനാണ്. മുഴുവൻ പ്രപഞ്ചവും പിതാവിന്റെ സംരംഭമാണ്. അതായത്, പിതാവിന് ഒരു ദിവ്യപദ്ധതി, ഒരു അനാദി നിർണയം ഉണ്ട്; തന്റെ നിർണയത്തിന്റെ പിന്നിലുള്ള ഉദ്ദേശ്യം സാധിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. പിതാവ് ഒരു തോട്ടക്കാരനാണ് എന്നതിന്റെ അർത്ഥം ഇതാണ്. ഒരു പ്രത്യേക നിർണയം നിർവ്വഹിക്കുവാൻ പദ്ധതിയിടുന്ന, മുന്തിരിത്തോട്ടത്തിന്റെ ഉടമയാണ് അവൻ. അവൻ സ്രോതസ്സും സ്ഥാപകനും തന്റെ മനസ്സും നിർണയവും അനുസരിച്ച് പ്രത്യേക കാര്യങ്ങൾ സാധിക്കുന്നതിൽ ഒന്നാമനും ആണ്. തിരുവെഴുത്തുകളിലെ ഇതരഭാഗങ്ങളിൽ കാണുന്ന വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതുപോലെ, അവൻ ആയിരിക്കുന്നതെല്ലാം, തന്റെ ദിവ്യപ്രകൃതത്തിന്റെ ഐശ്വര്യങ്ങളെല്ലാം ദൈവത്വത്തിന്റെ സർവ്വസമ്പൂർണ്ണതയും, മുന്തിരിവള്ളിയുടെ ഐശ്വര്യങ്ങൾ ആയിരിക്കുന്നത് പിതാവിന്റെ പ്രസാദമാണ്. പിതാവ് ആയിരിക്കുന്നതെല്ലാം, പിതാവിന് ഉള്ളതെല്ലാം, പിതാവിന്റെ ദിവ്യജീവന്റെ ഐശ്വര്യങ്ങളെല്ലാം ദൈവത്വത്തിന്റെ സർവ്വസമ്പൂർണ്ണതയും മുന്തിരിവള്ളിയിലുണ്ട്. മുന്തിരിവള്ളിക്കുവേണ്ടിയാണ് ഇതെല്ലാം. ഇതാണ് അതിന്റെ ദേഹരൂപം. ദിവ്യത്വത്തിന്റെയും ദൈവത്വത്തിന്റെയും ഐശ്വര്യങ്ങളുടെ പൂർണ്ണതയുടെ ദേഹരൂപമാണ് മുന്തിരിവള്ളി. പിതാവായ ദൈവം ആയിരിക്കുന്നതും പിതാവായ ദൈവത്തിനുള്ളതുമെല്ലാം മുന്തിരിവള്ളിയിൽ ദേഹരൂപമെടുത്തിരിക്കുന്നു.

ഈ അദ്ധ്യായം പിതാവിനെ മാത്രമല്ല, മുന്തിരിവള്ളിയായി പുത്രനെയും വെളിപ്പെടുത്തുന്നു. മുന്തിരിവള്ളി എന്ന നിലയിൽ പുത്രനാണ് കേന്ദ്രം. മുഴുവൻ പ്രപഞ്ചവും ഒരു മുന്തിരത്തോട്ടമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഈ മുന്തിരിത്തോട്ടത്തിൽ കേന്ദ്രമായിരിക്കുന്നത് പുത്രനായ മുന്തിരിവള്ളിയാണ്. പുത്രനായ ദൈവമാണ് കേന്ദ്രം. സകലവും അവനിൽ കേന്ദ്രീകൃതമായിരിക്കുന്നു. അവൻ മുന്തിരിവള്ളി എന്ന നിലയിൽ മുന്തിരിത്തോട്ടത്തിന്റെ കേന്ദ്രമാണ്. പിതാവായ ദൈവം സ്രോതസ്സും സ്ഥാപകനും ആണെന്ന് നാം കണ്ടു. പുത്രനായ ദൈവമാണ് കേന്ദ്രം എന്നും നാം ഇപ്പോൾ കാണുന്നു. പിതാവായ ദൈവം ആയിരിക്കുന്നതും പിതാവായ ദൈവത്തിനുള്ളതും ആയ സകലവും ഈ കേന്ദ്രത്തിൽ ദേഹരൂപമായിരിക്കുകയും കേന്ദ്രത്തിലൂടെ ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്നു. പിതാവായ ദൈവം മുന്തിരിവള്ളിയിലൂടെ ആവിഷ്കരിക്കപ്പെടുകയും വെളിപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് പിതാവായ ദൈവം സ്രോതസ്സും പുത്രനായ ദൈവം കേന്ദ്രവും ആണ്.

അവസാനമായി, ഈ അദ്ധ്യായത്തിന്റെ അവസാനത്തെ രണ്ട് വാക്യങ്ങളിൽ ആത്മാവ് വെളിപ്പെട്ടിരിക്കുന്നു. ഇവിടെ ആത്മാവായ

ദൈവം യാഥാർത്ഥ്യത്തിന്റെ ആത്മാവെന്ന് വിളിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ അർത്ഥം ആത്മാവാണ് യാഥാർത്ഥ്യം എന്നാണ്. പിതാവായ ദൈവം പുത്രനിൽ ആയിരിക്കുന്നതും അവൻ പുത്രനിൽ കേന്ദ്രവൽക്കരിക്കപ്പെട്ടിരിക്കുന്നതും ആയതെല്ലാം ആത്മാവിനാൽ യാഥാർത്ഥ്യവത്കരിക്കപ്പെടും. പിതാവായ ദൈവം പുത്രനിൽ ആയിരിക്കുന്നതെല്ലാം ആത്മാവായ ദൈവത്തിൽ ഒരു യാഥാർത്ഥ്യമാണ്. പുത്രനിൽ കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ള എല്ലാകാര്യങ്ങളും യാഥാർത്ഥ്യത്തിന്റെ ആത്മാവ് വെളിപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും സാക്ഷി പറയുകയും യാഥാർത്ഥ്യവത്കരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് പിതാവായ ദൈവം ആണ് ഉറവിടം, സ്ഥാപകൻ. പുത്രനായ ദൈവം ആണ് കേന്ദ്രവും മൂർത്തരൂപവും വെളിപ്പെടലും. ആത്മാവായ ദൈവം ആണ് അനുഭവജ്ഞാനം, യാഥാർത്ഥ്യം. ഇത് അത്യധികം അഗാധവും ആഴമേറിയതും ആണ്.

കൂടാതെ, ഈ വെളിപ്പെടലിൽ ത്രിയേകദൈവം മാത്രമല്ല, ക്രിസ്തുവിന്റെ ശരീരവും ഉണ്ട്. ക്രിസ്തുവിന്റെ ശരീരം സഭയാണ്. ഈ വെളിപ്പാടിൽ സഭയെ, മുന്തിരിവള്ളിയുടെ കൊമ്പുകളോട് ഉപമിച്ചിരിക്കുന്നു. മുന്തിരിവള്ളിയുടെ കൊമ്പുകൾ കേവലം മുന്തിരിവള്ളിയുടെ ശരീരം തന്നെയാണ്. നിങ്ങൾ മുന്തിരിവള്ളിയിൽ നിന്ന് കൊമ്പുകൾ വെട്ടി മാറ്റുന്നുവെങ്കിൽ മുന്തിരിവള്ളിക്ക് ശരീരം ഉണ്ടായിരിക്കുകയില്ല. കൊമ്പുകൾ ഇല്ലാത്ത മുന്തിരിവള്ളിക്ക് വേരും തടിയും അല്ലാതെ മറ്റൊന്നും ശേഷിക്കുന്നില്ല. അതുകൊണ്ട്, കൊമ്പുകൾ മുന്തിരിവള്ളിയുടെ ശരീരമാണ്.

കർത്താവിലേക്ക് നാം നോക്കുന്നുവെങ്കിൽ, ഈ കാര്യം എത്ര ആശ്ചര്യകരവും മാർമ്മികവുമാണെന്ന് നാം കാണും. പിതാവായ ദൈവം ആയിരിക്കുന്നതും പിതാവായ ദൈവത്തിന് ഉള്ളതുമെല്ലാം പുത്രനായ ദൈവത്തിൽ കേന്ദ്രീകരിക്കപ്പെട്ടും ദേഹരൂപമായും ഇരിക്കുന്നു; ഇതെല്ലാം ആത്മാവായ ദൈവത്തിൽ യാഥാർത്ഥ്യവത്ക്കരിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഇതെല്ലാം നമ്മിലേക്ക് പണിതുചേർക്കപ്പെടുകയും നമ്മിലൂടെ ആവിഷ്കരിക്കപ്പെടുകയും പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നു. യോഹന്നാൻ 15-ൽ വളരെ പ്രധാനപ്പെട്ട നാല് കാര്യങ്ങൾ ഉണ്ട്: പിതാവായ ദൈവം ഉറവിടമായും സ്ഥാപകനായും, പുത്രനായ ദൈവം കേന്ദ്രമായും പ്രത്യക്ഷതയായും, ആത്മാവായ ദൈവം യാഥാർത്ഥ്യവും അനുഭവജ്ഞാനവും ആയും കൊമ്പുകൾ ശരീരം എന്ന നിലയിൽ സംഘാത ആവിഷ്കാരമായും. കൊമ്പുകൾ വളരെ പ്രധാനമാണ്, കാരണം ദൈവം ക്രിസ്തുവിൽ ആത്മാവ് എന്ന നിലയിൽ എന്തായിരിക്കുന്നുവെന്ന് അത് വെളിപ്പെടുത്തുന്നു. കൊമ്പുകൾ ഇല്ലാതെ പൂർണ്ണമായ ആവിഷ്കാരം ഉണ്ടായിരിക്കുകയില്ല. ദൈവം പുത്രനിലും ആത്മാവായും എന്തായിരിക്കുന്നുവോ

അതെല്ലാം ആവിഷ്കരിക്കപ്പെടുന്നത് കൊമ്പുകളാൽ, ശരീരത്താൽ ആയതുകൊണ്ട് സംമ്പൂർണ്ണ ആവിഷ്കാരം കൊമ്പുകളെ, ശരീരത്തെ, ആശ്രയിച്ചിരിക്കുന്നു. പിതാവായ ദൈവം ആയിരിക്കുന്നതല്ലാം അവന് ഉള്ളതെല്ലാം പുത്രനിലും, പുത്രൻ ആയിരിക്കുന്നതെല്ലാം അവന് ഉള്ളതെല്ലാം ആത്മാവായി അനുഭവിച്ചറിയാവുന്നതും, ആത്മാവിന് ഉള്ളതെല്ലാം ശരീരത്തിലും, സഭയിലും, നമ്മിലും ആകുന്നു. അതായത്, ഉറവിടം എന്ന നിലയിൽ പിതാവായ ദൈവം പുത്രനായ ദൈവത്തിൽ കേന്ദ്രമായി ദേഹരൂപമെടുക്കുകയും, അവനിപ്പോൾ യാഥാർത്ഥ്യമെന്ന നിലയിൽ ആത്മാവായ ദൈവമായി അനുഭവിച്ചറിയപ്പെടുകയും ചെയ്യുന്നു. ആത്മാവിനുള്ളതെല്ലാം നമ്മിൽ അതായത്, കൊമ്പുകളിൽ, സഭയിൽ, ആവിഷ്കരിക്കപ്പെടുന്നു. ത്രിയേകദൈവം സഭയിൽ ആവിഷ്കരിക്കപ്പെടുകയും വെളിപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നു.

Tue

## I. ദിവ്യജീവന്റെ ഐശ്വര്യങ്ങൾ ആവിഷ്കരിച്ചുകൊണ്ട് പിതാവിനെ മഹത്വപ്പെടുത്തുവാനുള്ള ജൈവരൂപമാണ് മുന്തിരിവള്ളിയും കൊമ്പുകളും

15:1-11-ൽ മുന്തിരിവള്ളിയും കൊമ്പുകളും ദിവ്യജീവന്റെ ഐശ്വര്യങ്ങൾ ആവിഷ്കരിച്ചുകൊണ്ട് പിതാവിനെ മഹത്വപ്പെടുത്തുവാനുള്ള ജൈവരൂപമാണ് എന്നു നാം കാണുന്നു. ഈ ദൂത് വായിക്കുന്ന ചിലരെ ജൈവരൂപം എന്ന വാക്ക് വിഷമിപ്പിച്ചേക്കാം; ദിവ്യപ്പകർച്ചയിൽ ത്രിയേകദൈവത്തിന്റെ ജൈവരൂപം എന്നു കേൾക്കുന്നത് അവരുടെ ധാരണപ്രകാരം തികച്ചും അസാധാരണമെന്ന് തോന്നിയേക്കാം. എന്നാൽ, ക്രിസ്തുവിന്റെ ശരീരമായ സഭ ഒരു സംഘടനയല്ല, ഒരു ജൈവരൂപമാണ് എന്നു പറയുന്നത് നമുക്ക് ശീലമായിരിക്കുന്നു. എന്താണ് സംഘടനയും ജൈവരൂപവും തമ്മിലുള്ള വ്യത്യാസം? ഉദാഹരണത്തിന്, ഒരു മേശ ഒരു സംഘടന ആണ്. കാരണം പല തടിക്കഷണങ്ങൾ ഒരു വസ്തുവായി ചേർത്തുവച്ചിരിക്കുന്നു. എന്തുകൊണ്ടാണ് മേശ ഒരു ജൈവരൂപമല്ല, സംഘടന ആയിരിക്കുന്നത്? കാരണം ഒരു മേശയിൽ ഏകകമായി ഒരു അവയവമില്ല. മേശയിൽ അവയവങ്ങളില്ല, കാരണം മേശയിൽ ജീവനില്ല. നമ്മുടെ ശരീരവും ഒരു സംഘടനയാണ് എന്നു തോന്നും. എന്നിരുന്നാലും അത് ഒരു സംഘടന എന്നതിനെക്കാൾ വളരെ അധികമായ ഒന്നാണ്, കാരണം നമുക്ക് അവയവങ്ങളും ജീവനുമുണ്ട്. നമ്മുടെ ശരീരത്തിന് അവയവങ്ങളും ജീവനും ഉള്ളതുകൊണ്ട്, ഇതൊരു ജൈവരൂപം ആണ്, വെറുമൊരു സംഘടനയല്ല. അതുപോലെ ക്രിസ്തുവിന്റെ ശരീരമായ സഭ ഒരു ജൈവരൂപമാണ്.

എന്താണ് ക്രിസ്തുവിന്റെ ശരീരം? ഇത് മുപ്പത്തിരണ്ടാം ദൂതിൽ നാം പറഞ്ഞ കാര്യം തന്നെയാണ്-പരസ്പരനിവാസം, ദിവ്യത്വത്തിന്റെ മനുഷ്യത്വവുമായുള്ള ഇഴുകിച്ചേരൽ. നാം കണ്ടതുപോലെ, പതിനാലാം അദ്ധ്യായത്തിൽ ഇങ്ങനെയൊരു ഇഴുകിച്ചേരലുണ്ട്. ഈ ഇഴുകിച്ചേരലാണ് ദൈവത്തിന്റെയും മനുഷ്യന്റെയും പരസ്പരനിവാസം, ഈ പരസ്പരനിവാസം, ദിവ്യത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും ഇഴുകിച്ചേരൽ, അവയവങ്ങളും ജീവനും നിറഞ്ഞതായ ഒരു ജൈവരൂപം ആണ്.

യോഹന്നാൻ 15-ൽ ഈ ജൈവരൂപത്തെ മുന്തിരിച്ചെടിയോട് ഉപമിച്ചിരിക്കുന്നു. ഈ ആശ്ചര്യകരമായ ജൈവരൂപത്തിന്റെ പ്രതീകമായി മുന്തിരിവള്ളിയെ ഉപയോഗിച്ചിരിക്കുന്നു. ഈ മുന്തിരിച്ചെടിയിൽ ചെടിയും അതിന്റെ എല്ലാ കൊമ്പുകളുമുണ്ട്. മുന്തിരിവള്ളി താൻതന്നെയാണെന്ന് കർത്താവായ യേശു പറഞ്ഞു (വാ.1). അവൻ ചെടിയാണ്; നാം ആ ചെടിയുടെ കൊമ്പുകളുമാണ്. ഈ വ്യക്തമായ ചിത്രം നിമിത്തം നാം ചെടിയുടെ വികാസമാണെന്ന് നമുക്ക് കാണുവാൻ കഴിയും. കാരണം കൊമ്പുകൾ മുന്തിരിച്ചെടിയുടെ വികാസമാണ്. നിങ്ങൾ കൊമ്പുകൾ മുറിച്ചു മാറ്റുകയാണെങ്കിൽ, കേവലം കൊമ്പുകൾ ഇല്ലാത്ത ചെടിയായിരിക്കും നിങ്ങൾക്കു ലഭിക്കുന്നത്. അവിടെ മുന്തിരിവള്ളിയുടെ ശാഖീകരണം ഉണ്ടായിരിക്കുകയില്ല. എന്നാൽ ഇന്ന് ഈ സാർവത്രിക മുന്തിരിച്ചെടിക്ക് അനേക കൊമ്പുകൾ ഉണ്ട്, ഈ കൊമ്പുകൾ എല്ലാം അവന്റെ ശാഖീകരണമാണ്. കർത്താവായ യേശു ഭൂമിയിൽ ആയിരുന്നപ്പോൾ അവൻ ഒരു പ്രത്യേക സ്ഥലത്തു താമസിച്ചിരുന്ന ഒരു ചെറിയ മനുഷ്യനായിരുന്നു. എന്നാൽ ഇന്ന് അവന്റെ ശാഖീകരണം നോക്കുക: അവന് വാഷിംഗ്ടൺ ഡി.സി. യിലും ന്യൂയോർക്കിലും ലോസ് ആഞ്ചൽസിലും ലണ്ടനിലും ഫ്രാൻക്ഫർട്ടിലും ടോക്കിയോയിലും മാനിലയിലും തായ്പേയ്യിലും ഹോംഗ്കോങ്ങിലും ലോകത്ത് എല്ലായിടത്തും ഭാഗങ്ങളുണ്ട്. ഇന്ന് ലോകത്തിലുടനീളവും ഈ മുന്തിരിച്ചെടിയുടെ ശാഖീകരണം നാം കാണുന്നതുകൊണ്ട് കർത്താവിന് സ്തോത്രം! ഇത് ഒരു സംഘടനയല്ല; ഇത് അനേകം അവയവങ്ങളോടും അവയവ വ്യവസ്ഥകളോടുംകൂടെ ജൈവികമൂലകങ്ങൾ വളരുന്നതായ, ജീവനുള്ള ഒരു ജൈവരൂപം ആണ്.

മുന്തിരിവള്ളിയും കൊമ്പുകളും പിതാവായ ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള ഒരു ജൈവരൂപമാണ്. ഇവിടെ മഹത്വപ്പെടുത്തുക എന്ന വാക്കിന്റെ അർത്ഥം എന്താണ്? അതിന്റെ അർത്ഥവും ഉദ്ദേശ്യവും, ഉള്ളടക്കവും, ആന്തരികജീവൻ ഉള്ളിൽനിന്ന് പുറത്തുവരുകയും, ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്ന ആന്തരിക സമ്പത്ത് ഉണ്ടായിരിക്കുക എന്നാണ്. പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് ഒരു ജൈവരൂപമായി മുന്തിരിവള്ളിയും കൊമ്പുകളും ദിവ്യജീവന്റെ

ഐശ്വര്യങ്ങൾ ആവിഷ്കരിക്കുന്നു. മുന്തിരിവള്ളി മുന്തിരിക്കുലകളെ വഹിക്കുമ്പോൾ, അതാണ് ദിവ്യജീവന്റെ ഐശ്വര്യങ്ങൾ ആവിഷ്കരിക്കപ്പെടുന്ന സമയം. ഈ ആവിഷ്കാരമാണ് പിതാവിന്റെ മഹത്വപ്പെടൽ, കാരണം പിതാവാണ് ദിവ്യജീവൻ. പിതാവ് മുന്തിരിവള്ളിയുടെ ഉറവിടവും സാരാംശവുമാണ്. ഫലമില്ലെങ്കിൽ മുന്തിരിവള്ളിയുടെ സാരാംശവും സത്തയും ജീവനും മറയ്ക്കപ്പെട്ടും ഗുപ്തമായും പരിമിതപ്പെട്ടും ഇരിക്കുന്നു. എന്നിരുന്നാലും, മുന്തിരിവള്ളിയുടെ ആന്തരികജീവന്റെ ഐശ്വര്യങ്ങൾ മുന്തിരിക്കുലകളിലൂടെ ആവിഷ്കരിക്കപ്പെടുന്നു. ഈ രീതിയിൽ ആന്തരികജീവനെ ആവിഷ്കരിക്കുക എന്നാൽ, മുന്തിരിയിൽനിന്ന് ദൈവിക സാരാംശം പുറത്തുകൊണ്ടുവരുക എന്നാണ് എന്ന്, ഒരിക്കൽകൂടി ഞാൻ പറയുന്നു. ഇതാണ് പിതാവിന്റെ മഹത്വപ്പെടൽ.

## A. ദിവ്യപ്പകർച്ച

### *1. ദൈവത്തിന്റെ വ്യവസ്ഥ*

പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് മുന്തിരിവള്ളിയും കൊമ്പുകളും ജൈവികരൂപം ആയിരിക്കുക എന്നതാണ് ദിവ്യപ്പകർച്ച. ഇവിടെ dispensation എന്ന വാക്കിന്റെ അർത്ഥം ഒരു യുഗമെന്നോ, ഒരു കാലഘട്ടമെന്നോ അല്ല. ഇതിന്റെ അർത്ഥം പകർച്ച എന്നാണ്. വ്യവസ്ഥ എന്ന വാക്കിന്റെ അതേ അർത്ഥം തന്നെയാണ് ഈ വാക്കിനുമുള്ളത്. പകർന്നു നൽകൽ അല്ലെങ്കിൽ നിർവ്വഹണം എന്നതിനുള്ള ഗ്രീക്ക് വാക്കായ "ഒയ്കണോമിയ(Oikonomia)," വ്യവസ്ഥ എന്ന വാക്കായി ആംഗലവൽക്കരിച്ചിരിക്കുന്നു. എന്താണ് ഈ ഒയ്കണോമിയ, ഈ വ്യവസ്ഥ? ഇതൊരു ഭരണ നിർവ്വഹണമാണ്. അതായത്, മാനവരാശിയിലേക്കുള്ള ഒരു ദിവ്യപ്പകർച്ചയാണ്. ഈ ദിവ്യപ്പകർച്ചയാണ് ദൈവത്തിന്റെ വ്യവസ്ഥ. ഗ്രിക്ക് ഭാഷയനുസരിച്ച്1 തിമോഥെയോസ് 1:3-ൽ ഈ വാക്ക് വ്യക്തമായി ഉപയോഗിച്ചിരിക്കുന്നു. എന്നിരുന്നാലും, ആധികാരിക ഭാഷ്യം ഇത് "ദൈവികമായ ആത്മീയവർദ്ധനവ്" (godly edifying)എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. ഇത് "ദൈവത്തിന്റെ വ്യവസ്ഥ" അല്ലെങ്കിൽ "ദൈവത്തിന്റെ പകർച്ച"എന്നുതന്നെ വിവർത്തനം ചെയ്യണം.

### *2. അനാദിനിർണയം (പദ്ധതി)*

എഫെസ്യർ 3:9-10-ൽ ദൈവത്തിന്റെ അനാദിനിർണയത്തെപ്പറ്റി നാം വായിക്കുന്നു. അനാദിനിർണയം എന്നത് ഒരു വേദപുസ്തക പദമാണ്. ആധുനിക ഇംഗ്ലീഷ് അനുസരിച്ച് അത് ശാശ്വതമായ പദ്ധതി ആയിരിക്കണം. ഭൂതകാല നിത്യതയിൽ ഭാവികാല നിത്യതയ്ക്കുവേണ്ടി ദൈവം ഒരു പദ്ധതി ഉണ്ടാക്കി. അങ്ങനെ ഈ പദ്ധതി ഒരു ശാശ്വതപദ്ധതി ആണ്. ദിവ്യജീവനാൽ വീണ്ടുംജനിച്ച അനേകം മനുഷ്യർ ക്രിസ്തുവിന്റെ ശരീരമായിത്തീരുകയും ക്രിസ്തുവിൽ ദേഹരൂ

പമായിരിക്കുന്ന ദൈവത്വത്തിന്റെ സർവസമ്പൂർണ്ണതയും ആവിഷ്കരിക്കുകയും ചെയ്യുക, എന്നതാണ് ഈ പദ്ധതി. ഇത് ഭൂതകാല നിത്യതയിൽ ഭാവികാല നിത്യതയ്ക്കുവേണ്ടി ദൈവം ഉണ്ടാക്കിയ ശാശ്വത പദ്ധതി ആണ്. 1 തിമൊഥെയോസ് 1:3-ഉം എഫെസ്യർ. 3:9-10-ഉം നാം വളരെ നന്നായി അറിയണം. ഈ വാക്യങ്ങളുമായി നമുക്ക് അധികം പരിചയം വേണം.

### *3. പിതാവായ ദൈവത്തെ പുത്രനിൽ സഭയാകുന്ന അവന്റെ ശരീരത്തിലൂടെ ആവിഷ്കരിക്കുവാൻ*

മുന്തിരിവള്ളിയുടെയും കൊമ്പുകളുടെയും ഈ ജൈവരൂപം പുത്രനിൽ സഭയാകുന്ന അവന്റെ ശരീരത്തിലൂടെ പിതാവായ ദൈവത്തിന്റെ ആവിഷ്കാരമാണ്. ഇക്കാര്യത്തെ സംബന്ധിച്ച് ഉല്പത്തി 1:26 നാം പരിഗണിക്കണം. ഉല്പത്തി 1:26-ൽ സഭയെ കാണുന്നു എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? സഭ അവിടെ ഉണ്ട്. പിതാവിന്റെ ആവിഷ്കാരവും അവിടെ ഉണ്ട്. ഇത് എങ്ങനെ ഉണ്ടാകും എന്ന് നിങ്ങൾ ചോദിച്ചാൽ, ആവിഷ്കാരം സ്വരൂപമാണെന്ന് ഞാൻ മറുപടി നൽകും. ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ഒടുവിൽ, മനുഷ്യൻ ദൈവത്തിന്റെ ആവിഷ്കാരമായിത്തീരുന്നു. അങ്ങനെയെങ്കിൽ സഭയുടെ കാര്യം എങ്ങനെയാണ്? ഉല്പത്തി 1:26-ൽ പരാമർശിച്ചിരിക്കുന്ന മനുഷ്യൻ ഒറ്റയായ ഒരു മനുഷ്യനല്ല, ഒരു സംഘാത മനുഷ്യനാണ് എന്നത് ദയവായി ശ്രദ്ധിക്കുക. ദൈവം ദശലക്ഷക്കണക്കിന് മനുഷ്യരെ സൃഷ്ടിച്ചില്ല. അവൻ ദശലക്ഷക്കണക്കിന് വ്യക്തികൾ ഉൾപ്പെടുന്ന ഒരു സംഘാത മനുഷ്യനെ സൃഷ്ടിച്ചു. ശരിയായി പറയുകയാണെങ്കിൽ ഉല്പത്തി 1:26-ൽ പരാമർശിച്ചിരിക്കുന്ന മനുഷ്യൻ മനുഷ്യരാശിയാണ്; മനുഷ്യരാശി ഒരാളല്ല, സംഘാതമാണ്. എന്താണ് സഭ? സഭ മനുഷ്യരാശിയുടെ തിരഞ്ഞെടുക്കപ്പെട്ട ഒരു ഭാഗമാണ്. സഭയുടെ ഈ നിർവചനത്തിന്, വീട്ടുപകരണങ്ങൾ ഉണ്ടാക്കുവാൻ തടി ഉപയോഗിക്കുന്നത് നമുക്ക് ഒരു ഉദാഹരണമായി എടുക്കാം. ഒരു മേശ ഉണ്ടാക്കുന്നതിന് വളരെ നിർമ്മാണവസ്തുക്കൾ ഞാൻ ശേഖരിക്കുന്നുവെങ്കിലും, ഒടുവിൽ മേശ ഉണ്ടാക്കേണ്ടതിന് ഉപയോഗിക്കുവാൻ ഈ ഭൗതിക വസ്തുക്കളുടെ ഏറ്റവും നല്ല ഭാഗം മാത്രമേ ഞാൻ തിരഞ്ഞെടുക്കുകയുള്ളൂ. മേശ ഉണ്ടാക്കിയതിനുശേഷം ശേഷിക്കുന്ന ഭാഗങ്ങൾ ഒരു വശത്ത് ഉപേക്ഷിക്കും. ഞാൻ ഉണ്ടാക്കിയ മേശ മാത്രമേ ഞാൻ സൂക്ഷിക്കുകയും വിലമതിക്കുകയും ചെയ്യുകയുള്ളൂ. സഭയെ ഉണ്ടാക്കുവാനായി ദൈവം ഉപയോഗിക്കുന്ന വസ്തുവാണ് മനുഷ്യരാശി. ഈ വസ്തുവിന്റെ എത്രമാത്രം ഭാഗം അർപ്പിക്കപ്പെടുന്നുവെന്ന് നാം അറിയുന്നില്ല. മനുഷ്യവർഗ്ഗത്തിന്റെ ഒരു ഭാഗത്തെ മാത്രമേ വീണ്ടുംജനിക്കുവാനും സഭയാകുവാനും ദൈവം തിരഞ്ഞെടുത്തിട്ടുള്ളൂ.

സഭ ഒരു സംഘാത ഉണ്മയാണ്. ഈ സംഘാത ഉണ്മ ഉല്പത്തി 1:26-ൽ വിത്തായി വിതയ്ക്കപ്പെടുകയും വെളിപ്പാട് 21-ൽ വിളവായി കൊയ്യപ്പെടുകയും ചെയ്യുന്നു. അവിടെ ദിവ്യസ്വരൂപത്തെ ആവിഷ്കരിക്കുന്ന ജൈവരൂപത്തിന്റെ അന്തിമ പരിണിതിയായി പുതിയ യെരുശലേം നാം കാണുന്നു. ഉല്പത്തി 1:26-ൽ ദൈവത്തിന്റെ സ്വരൂപത്തിൽ നിർമ്മിക്കപ്പെട്ട സംഘാതമനുഷ്യനെ നാം കാണുന്നു; വെളിപ്പാട് 21-ൽ ദൈവസ്വരൂപത്തിന്റെ സംഘാത ആവിഷ്കാരമായ പുതിയ യെരുശലേം നാം കാണുന്നു. ഉല്പത്തിയിൽ വിത്തു വിതയ്ക്കപ്പെടുന്നു. വെളിപ്പാട് 21-ൽ വിളവു കൊയ്യപ്പെടുന്നു, വിളവ് ഇന്ന് ഇവിടെ ഭൂമിയിലുണ്ട്.

Wed —

## B. മുന്തിരിവള്ളി പുത്രനായ ദൈവം

### *1. ദൈവവ്യവസ്ഥയുടെ കേന്ദ്രം*

മുന്തിരിവള്ളി എന്ന നിലയിൽ പുത്രൻ ദൈവവ്യവസ്ഥയുടെ കേന്ദ്രമാണ്. പുത്രനായ ദൈവം ദൈവത്തിന്റെ വ്യാപാരത്തിന്റെ, ദൈവത്തിന്റെ നീക്കത്തിന്റെ, ദൈവത്തിന്റെ സംരംഭത്തിന്റെ കേന്ദ്രമാണ്. ദൈവത്തിന് ഈ പ്രപഞ്ചത്തിൽ ഒരു നീക്കം ഉണ്ട്. ഈ നീക്കം അവന്റെ ദിവ്യ വ്യാപാരമാണ്. പുത്രൻ മുന്തിരിവള്ളിയായി ഈ സംരംഭത്തിന്റെ കേന്ദ്രമാണ്.

### *2. ദൈവത്വത്തിന്റെ ദേഹരൂപവും പ്രത്യക്ഷതയും*

ഈ മുന്തിരിവള്ളി ദൈവത്വത്തിന്റെ ദേഹരൂപവും പ്രത്യക്ഷതയുമാകുന്നു. ദൈവത്വത്തിന്റെ സകല സമ്പൂർണ്ണതയും ദേഹരൂപമായി പുത്രനിൽ വസിക്കുന്നു എന്ന് കൊലൊസ്യർ 2:9 പറയുന്നു. "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന, ഏകജാതനായ പുത്രൻ, അവനെ വെളിപ്പെടുത്തിയിരിക്കുന്നു," എന്ന് യോഹന്നാൻ 1:18 പറയുന്നു. പുത്രനെ ദൈവത്വത്തിന്റെ ദേഹരൂപമായി കൊലൊസ്യർ 2:9-ലും അവനെ ദൈവത്തിന്റെ വെളിപ്പെടലും സാക്ഷാത്ക്കാരവുമായി യോഹന്നാൻ 1:18-ലും നാം കാണുന്നു. അതുകൊണ്ട് ദൈവത്തിന്റെ സാർവ്വത്രിക മുന്തിരിവള്ളിയായ ദൈവത്തിന്റെ പുത്രൻതന്നെ ദൈവത്തിന്റെ ദേഹരൂപവും പ്രത്യക്ഷതയും ആണ്.

### *3. ജീവവൃക്ഷത്തെപ്പോലെ ജീവൻ നിറഞ്ഞതായ ഒരു ജൈവരൂപം*

ഈ മുന്തിരിവള്ളി ജീവവൃക്ഷത്തെപ്പോലെ പൂർണ്ണമായും ജീവൻ നിറഞ്ഞതായ ഒരു ജൈവരൂപമാണ്(ഉല്പ.2:9). ഇത് ബാബേൽ ഗോപുരത്തെപ്പോലെ ജീവനില്ലാത്ത ഒരു സംഘടനയല്ല (ഉല്പ.11:4,9). ജീവവൃക്ഷം ഒരു ജൈവരൂപമാണ്. എന്നാൽ ബാബേൽ ഗോപുരം ഒരു സംഘടനയാണ്. നിങ്ങൾ ഏത് ലഭിക്കുവാൻ ഏറെ ആഗ്രഹിക്കുന്നു-ജീവവൃക്ഷമോ അതോ ബാബേൽ ഗോപുരമോ? ബാബേൽ ഗോപുരം ബൃഹത്തും ഉന്നതവുമാണ്. എന്നാൽ ജീവവൃക്ഷത്തിന് ഒരുപക്ഷേ

നമ്മുടെ അത്രയും ഉയരമേ ഉണ്ടായിരുന്നുള്ളൂ. ജീവവൃക്ഷം വളരെ ഉയരമുള്ളതായിരുന്നെങ്കിൽ ജനത്തിന് അത് അപ്രാപ്യമാകുമായിരുന്നു. യോഹന്നാൻ 6 അനുസരിച്ച് ജനം ക്രിസ്തുവിനെ രാജാവാക്കുവാൻ നിർബന്ധിച്ചു. ഇതിന്റെ അർത്ഥം അവർ അവനെ ഒരു ഗോപുരമാക്കുവാൻ ആഗ്രഹിച്ചു എന്നാണ്. എന്നാൽ അവൻ ജീവന്റെ അപ്പം ആയിരിക്കുവാൻ ഏറെ ഇഷ്ടപ്പെട്ടു. ഇതിന്റെ അർത്ഥം അവൻ ജീവവൃക്ഷമായിരിക്കുവാൻ ആഗ്രഹിച്ചു എന്നാണ്.

### *4. ജീവൻ പ്രചരിപ്പിക്കുവാനും ജീവൻ വർദ്ധിപ്പിക്കുവാനും*

ജീവൻ പ്രചരിപ്പിക്കുവാനും ജീവൻ വർദ്ധിപ്പിക്കുവാനും മുന്തിരിച്ചെടി വളരെ നല്ലതാണ്. ജീവൻ പ്രചരിപ്പിക്കുക എന്നാൽ ജീവനെ വൻതോതിൽ വ്യാപിപ്പിക്കുക എന്നും, ജീവനെ വർദ്ധിപ്പിക്കുക എന്നാൽ ജീവനെ പുനരുൽപാദിപ്പിക്കുക എന്നുമാണ് അർത്ഥം. എല്ലാ ഇനത്തിലുമുള്ള സസ്യജീവനിലും വ്യാപനവും വർദ്ധനവും നാം കാണുന്നു. ഒരു ഗോതമ്പുമണി നിലത്ത് വിതയ്ക്കപ്പെട്ടതിനുശേഷം അത് വേറേ മുപ്പതോ അറുപതോ നൂറോ മണികളായി വളരുന്നു. ഇത് ജീവന്റെ പ്രചാരണവും ജീവന്റെ വർദ്ധനവും ആണ്. കർത്താവ് തന്നെത്തന്നെ ഒരു മുന്തിരിവള്ളിയോട് താരതമ്യപ്പെടുത്തിയ കാര്യം നാം ആഴമായി പരിഗണിക്കുന്നുവെങ്കിൽ, എല്ലാ ചെടികളിലും പൂക്കളിലും പുല്ലുകളിലും മരങ്ങളിലും വച്ച് ജീവന്റെ പ്രചാരണത്തെയും ജീവന്റെ വർദ്ധനവിനെയും കാണിക്കുവാൻ മുന്തിരിവള്ളിയാണ് നല്ല ചെടിയെന്ന് നാം മനസ്സിലാക്കും. മുന്തിരിവള്ളി അതിന്റെ പൂക്കളോ തടിയോ മൂലമല്ല ശ്രദ്ധേയമായിരിക്കുന്നത്. അത് ശ്രദ്ധേയമായിരിക്കുന്നത് അതിന്റെ ജീവന്റെ ഐശ്വര്യങ്ങളുടെ പ്രത്യക്ഷത മൂലമാണ്. മുന്തിരിവള്ളി, വിളഞ്ഞ ഫലങ്ങൾ നിറഞ്ഞതായിക്കഴിഞ്ഞാൽ നിങ്ങൾക്ക് വളരെ എളുപ്പത്തിൽ ജീവന്റെ ഐശ്വര്യങ്ങൾ വിവേചിക്കുവാൻ കഴിയും. അതുകൊണ്ട് മുന്തിരിവള്ളി ജീവനെ ഉൽപാദിപ്പിക്കുന്നു. പുഷ്പങ്ങൾ എന്നപോലെ ജനങ്ങൾ പ്രശംസിക്കുവാൻ വേണ്ടിയല്ല കർത്താവു നമുക്ക് ജീവനായിരിക്കുന്നത്. അവൻ ജീവനായിരിക്കുന്നത് ഏതെങ്കിലും തരത്തിലുള്ള പദാർത്ഥമായി ഉപയോഗിക്കപ്പെടുവാനുമല്ല. പിന്നെയോ, കർത്താവ് ജീവനായിരിക്കുന്നത് ജീവൻ ഉളവാക്കുവാനും ജീവൻ ഉൽപാദിപ്പിക്കുവാനുമാണ്.

### *5. പിതാവിന്റെ മഹത്വത്തിനായി ജീവനെ ആവിഷ്കരിക്കുന്നതിന്*

ജീവന്റെ പ്രചാരണവും വർദ്ധനവും പിതാവിന്റെ മഹത്വത്തിനായി ജീവനെ ആവിഷ്കരിക്കുന്നതിന് ആണ്. ജീവന്റെ പ്രചാരണത്തിലും വർദ്ധനവിലും കൊമ്പുകളിലൂടെ മുന്തിരിവള്ളിയുടെ ജീവൻ ആവിഷ്കരിക്കപ്പെടുമ്പോൾ, പിതാവ് മഹത്വപ്പെടുന്നു. കാരണം പിതാവ് അവന്റെ ജീവന്റെ ഐശ്വര്യങ്ങളിൽ ആയിരിക്കുന്നതെല്ലാം മുന്തിരിവള്ളിയുടെ പ്രചാരണത്തിലൂടെയും വർദ്ധനവിലൂടെയും ആവിഷ്കരിക്കപ്പെടുന്നു.

### *6. പൂക്കൾക്കുവേണ്ടിയല്ല, തടിക്കുവേണ്ടിയുമല്ല*

നാം സൂചിപ്പിച്ചതുപോലെ, മുന്തിരിച്ചെടി പൂക്കൾക്കോ തടിക്കോ കൊള്ളാവുന്നതല്ല. നമുക്ക് പ്രശംസിക്കുവാൻ ഒരു മുന്തിരിച്ചെടിക്ക് പൂക്കളില്ല. വാഷിംഗ്ടൺ ഡി.സി. യിൽ മനോഹരമായ ചെറുപുഷ്പങ്ങൾ കാണുവാൻ ജനങ്ങൾ പോകുന്നതിനെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ അവർ ഒരു മുന്തിരിവള്ളിയുടെ പൂക്കൾ കാണുവാൻ പോകുന്നതായി ഞാനൊരിക്കലും കേട്ടിട്ടില്ല. ഒരു മുന്തിരിച്ചെടി ശ്രദ്ധിക്കപ്പെടുന്നത് അതിന്റെ പൂക്കളാലല്ല. കുട്ടിയായിരിന്നപ്പോൾ ഒരു മുന്തിരിത്തോട്ടത്തിന്റെ അരികിലായിരുന്നു ഞാൻ വളർന്നത്. എല്ലാ വർഷവും അവിടെ മുന്തിരിവള്ളികൾ ഞാൻ കണ്ടു. എന്നാൽ അവിടെ പൂക്കൾ കഷ്ടിച്ചേ കാണുവാൻ കഴിഞ്ഞിരുന്നുള്ളു. മുന്തിരിവള്ളിയുടെ പൂക്കൾ തീരെ ചെറുതും ഒട്ടും നിറപ്പകിട്ടില്ലാത്തതുമാണ്.

മുന്തിരിച്ചെടി തടിക്കും കൊള്ളുകയില്ല(യെഹെ.15:2-3). ഒരു മുന്തിരിച്ചെടിയുടെ തടിയിൽനിന്നും ഒരു ഉപകരണവും ഉണ്ടാക്കുന്നില്ല. മുന്തിരിച്ചെടിയുടെ തടി സ്തൂപങ്ങളോ ഉത്തരങ്ങളോ താങ്ങുകളോ ഷെൽഫുകളോ നിർമ്മിക്കുവാനും കൊള്ളുകയില്ല. ഒരു മുന്തിരിച്ചെടിയുടെ തടികൊണ്ട് നിർമ്മിച്ച ഒരു കെട്ടിടം നിങ്ങൾ ഒരിക്കലും കാണുകയില്ല. മുന്തിരിച്ചെടി ഫലം കായ്ക്കുവാൻ മാത്രമേ കൊള്ളാവൂ. പൂക്കൾക്കോ തടിക്കോ അത് കൊള്ളുകയില്ല.

സഭയെ സംബന്ധിച്ചും അങ്ങനെതന്നെയാണ്. രക്തവർണ്ണമുള്ള പൂക്കൾ കാണുവാനായി നിങ്ങൾ സഭയിലേക്ക് വരുകയാണെങ്കിൽ, നിങ്ങൾ ഒന്നും കാണുകയില്ല. അതുപോലെ, ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനോ ഐഹിക സംഘടനകൾക്കോ പറ്റിയ വസ്തുക്കൾ തെരഞ്ഞെടുക്കുവാനായി നിങ്ങൾ സഭയിലേക്ക് വരുകയാണെങ്കിൽ, ഫലം കായ്ക്കുന്നതിന് മാത്രം ഉതകുന്ന ചിലതേ നിങ്ങൾക്ക് കാണുവാൻ കഴിയൂ. നാം പുനർജനിച്ചത് ഫലം കായ്ക്കുവാനാണ്.

നാം എല്ലാവരും തകർക്കപ്പെട്ടിരിക്കുന്നു. പൂക്കൾക്കും തടികൾക്കും ഉപകരിക്കാത്തവിധം നാം തകർക്കപ്പെട്ടിരിക്കുന്നു. ഈ ഭൂമിയിലെ യാതൊന്നിനും നാം കൊള്ളാവുന്നവരല്ല. നിങ്ങൾ ഇപ്പോഴും ചിലതിന് കൊള്ളാവുന്നവരാണെങ്കിൽ, അതിനർത്ഥം നിങ്ങളിപ്പോഴും ലൗകികരാകുന്നു എന്നാണ്. നാം വിദ്യാഭ്യാസത്തിനോ കച്ചവടത്തിനോ രാഷ്ട്രീയത്തിനോ കൊള്ളാവുന്നവരല്ല. മതത്തിനുവേണ്ടിയോ ഒരു പാസ്റ്റർ ആയിരിക്കുവാനോ പോലും നാം കൊള്ളാവുന്നവരല്ല. നാൽപ്പത്തിയഞ്ചു വർഷം മുമ്പ് ഞാൻ പൂർണ്ണമായി തകർക്കപ്പെട്ടു. ഇപ്പോൾ ഞാൻ യാതൊന്നിനും കൊള്ളാത്ത ഉപയോഗശൂന്യനായ ഒരു വ്യക്തിയാണ്. മനുഷ്യസമുദായത്തെയോ മതസംഘടനകളെയോ സംബന്ധിച്ചിടത്തോളം ഞാൻ ഒരു പാഴ്വസ്തുവാണ്. എങ്ങനെയാണ് നിങ്ങൾ? നാമെല്ലാം പാഴ്വസ്തു-യേശുനിമിത്തം പാഴ്വസ്തു, യേശുവിനുവേണ്ടി പാഴ്വസ്തു-ആയിരിക്കു

കയാൽ കർത്താവിന് സ്തോത്രം-നാം എല്ലാവരും അവനാൽ തകർക്കപ്പെട്ടു. ഒരു നല്ല പ്രൊഫസർ ആയിരിക്കുവാൻ നിങ്ങൾക്ക് ഇപ്പോൾ കഴിയുമോ? നിങ്ങൾക്ക് ആയിരിക്കുവാൻ കഴിയുന്ന തരം പ്രൊഫസർ ഒരു പാഴായ പ്രൊഫസറാണ്. ഒരു നല്ല വ്യാപാരിയോ കർഷകനോ ആയിരിക്കുവാൻ നിങ്ങൾക്കിപ്പോഴും കഴിയുമോ? നിങ്ങൾ ഒരു പാഴായ വ്യാപാരിയോ കർഷകനോ ആയിരിക്കണം. നാം എല്ലാവരും തകർക്കപ്പെടുകയും പുത്രനിൽ പിതാവിനെ ആവിഷ്കരിക്കുന്നതിനുവേണ്ടി ഫലംകായ്ക്കുവാനല്ലാതെ വേറെ യാതൊന്നിനും കൊള്ളാത്തവരും ആണ്. സഭയിൽ നിങ്ങൾ പൂക്കളോ തടികളോ കാണുകയില്ല. ഫലം കായ്ക്കുവാനല്ലാതെ യാതൊന്നിനും കൊള്ളാത്ത ചെറിയ മനുഷ്യരെ മാത്രമേ നിങ്ങൾ കാണുകയുള്ളൂ.

## C. പിതാവായ ദൈവം തോട്ടക്കാരൻ

പിതാവായ ദൈവമാണ് തോട്ടക്കാരൻ. പിതാവ് തോട്ടക്കാരൻ എന്ന നിലയിൽ മുന്തിരിവള്ളിക്ക് സ്രോതസ്സും കാരണഭൂതനും ആസൂത്രകനും തോട്ടംഉടമയും ജീവനും സാരാംശവും മണ്ണും വെള്ളവും വായുവും സൂര്യപ്രകാശവും സകലവും ആണ്. നാം നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, പിതാവായ ദൈവം ആയിരിക്കുന്നതും പിതാവായ ദൈവത്തിന് ഉള്ളതും ചെയ്യുവാൻ കഴിയുന്നതും ആയതെല്ലാം മുന്തിരിച്ചെടിയിൽ ദേഹരൂപമെടുത്തിരിക്കുന്നു. പുത്രൻ മുന്തിരിവള്ളി എന്ന നിലയിൽ ദൈവവ്യവസ്ഥയുടെ കേന്ദ്രവും പിതാവിന്റെ സകല ഐശ്വര്യങ്ങളുടെയും ദേഹരൂപവുമാണ്. പിതാവ്, പുത്രനെ നട്ടുവളർത്തിക്കൊണ്ട് തന്നെത്തന്നെ തന്റെ സകല ഐശ്വര്യങ്ങളോടുംകൂടെ ഈ മുന്തിരിവള്ളിയിലേക്ക് പണിതുചേർത്തിരിക്കുന്നു. ഒടുവിൽ മുന്തിരിവള്ളി അതിന്റെ ശാഖകളിലൂടെ സംഘാതമായ മാർഗ്ഗത്തിൽ പിതാവിനെ ആവിഷ്കരിക്കുന്നു. ഇതാണ് പ്രപഞ്ചത്തിൽ ദൈവത്തിന്റെ വ്യവസ്ഥ.

പഴയനിയമത്തിൽ യിസ്രായേൽ മക്കൾ ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരു മുന്തിരിവള്ളിയായിരുന്നു(സങ്കീ.80:8; യെശ.5:2; യിരെ.2:21; യെഹെ.9:10;15:2). എന്നാൽ യിസ്രായേൽ ഒരു മുന്തിരിവള്ളി എന്ന നിലയിൽ ദൈവത്തെ നിരാശപ്പെടുത്തി. കാരണം തങ്ങളിലൂടെ ദൈവത്തെ വെളിപ്പെടുത്തുവാൻ അവർ അവന് അവസരം നൽകിയില്ല. അവരിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുവാൻ ദൈവം ശ്രമിച്ചുവെങ്കിലും അവർ അവനെ നിരാശപ്പെടുത്തി. അവസാനം, പുതിയനിയമത്തിൽ യഥാർത്ഥ യിസ്രായേൽ വന്നു. ശരിയായ യിസ്രായേൽ എന്ന നിലയിൽ കർത്താവായ യേശു ദൈവത്തെ പൂർണ്ണമായി വെളിപ്പെടുത്തുവാൻ കഴിയുന്ന ശരിയായ മുന്തിരിവള്ളി ആണ്. ഈ ശരിയായ മുന്തിരിവള്ളി ദൈവത്തിന്റെ ദേഹരൂപവും ദൈവത്തിന്റെ പൂർണ്ണ ആവിഷ്കാരവും ആണ്. ദൈവം ആയിരിക്കുന്നതും

ദൈവത്തിനുള്ളതും ഈ ശരിയായ മുന്തിരിവള്ളിയിൽ ദേഹരൂപമായിത്തീരുകയും ഈ ശരിയായ മുന്തിരിവള്ളിയിലൂടെ പൂർണ്ണമായി വെളിപ്പെടുകയും ചെയ്തിരിക്കുന്നു.

### D. ശാഖകൾ, പുത്രനിലുള്ള വിശ്വാസികൾ

മുന്തിരിച്ചെടിയല്ലാതെ മറ്റൊരു ചെടിക്കും നാമും കർത്താവും തമ്മിലുള്ള ജീവനുള്ള ബന്ധത്തെ മതിയായി ദൃഷ്ടാന്തീകരിക്കുവാൻ കഴിയുകയില്ല. നാം മുന്തിരിവള്ളിയുടെ ശാഖകളാണ്. ഏതുതരത്തിലുള്ള ബന്ധമാണ് ഇത് നിങ്ങളെ ഓർമ്മപ്പെടുത്തുന്നത്? ശാഖകൾ മുന്തിരിവള്ളിയെ ആവിഷ്കരിക്കുവാനല്ലാതെ യാതൊന്നിനും കൊള്ളുന്നതല്ല. മുന്തിരിവള്ളി ആയിരിക്കുന്നതും മുന്തിരിവള്ളിക്കുള്ളതുമായതെല്ലാം ശാഖകളിലൂടെ ആവിഷ്കരിക്കപ്പെടുന്നു. വ്യക്തിഗതമായി, ശാഖകൾ വീണ്ടുംജനിച്ചവരാണ്. സംഘാതമായി അവർ സഭ, ക്രിസ്തുവിന്റെ ശരീരം ആണ്(എഫെ.1:22-23). ശാഖകൾ, പുത്രനിലുള്ള വിശ്വാസികൾ, ഫലംകായിക്കലിലൂടെ പിതാവിനോടൊപ്പം പുത്രനെ ആവിഷ്കരിക്കുന്നതിനുവേണ്ടിയുള്ളവരാണ്.

### E. ഫലം കായിക്കൽ

#### *1. ആന്തരികജീവന്റെ ഐശ്വര്യങ്ങളുടെ കവിഞ്ഞൊഴുക്ക്*

എന്താണ് ഫലംകായിക്കൽ? അത് ആന്തരികജീവന്റെ ഐശ്വര്യങ്ങളുടെ കവിഞ്ഞൊഴുക്കാണ്. നിങ്ങളുടെ സ്വന്തം പ്രയത്നംകൊണ്ട് ജനത്തെ ക്രിസ്തുവിലേക്ക് കൊണ്ടുവരുവാൻ ശ്രമിക്കരുത്. ദേഹികളെ നേടുവാൻ കർമ്മ പദ്ധതികൾ ഉപയോഗിക്കരുത്. ഫലം കായിക്കുന്നത് നിങ്ങളുടെ ആന്തരികജീവന്റെ കവിഞ്ഞൊഴുക്കിനെ സംബന്ധിച്ച ഒരു കാര്യമാണ്. നാം തുടർച്ചയായി നമ്മുടെ സകലവുമായി ക്രിസ്തുവിനെ ആസ്വദിക്കേണ്ടത് ആവശ്യമാണ്. അപ്പോൾ നമുക്ക് ആന്തരികജീവന്റെ സമൃദ്ധിയുണ്ടാകും. ഈ ആന്തരികജീവന്റെ സമൃദ്ധിയിൽനിന്ന് ഒരു ഒഴുക്ക് ഉണ്ടാവുകയും അത് മറ്റുള്ളവരിലേക്ക് എത്തുകയും അവരുടെ ജീവിതത്തിലേക്ക് തുളച്ചുകയറുകയും ചെയ്യും. ഈ ഒഴുക്ക് വളരെ ഫലം കായിക്കും. ഇത് കേവലം പ്രസംഗമോ ദേഹിയെ നേടലോ അല്ല; ഇത് ആന്തരികജീവന്റെ ഐശ്വര്യങ്ങളുടെ കവിഞ്ഞൊഴുക്ക് മൂലമുള്ള ഫലംകായിക്കലായിരിക്കണം.

#### *2. പിതാവിനെ പുത്രനിൽ ആവിഷ്കരിക്കുവാൻ*

ഇത്തരത്തിലുള്ള ഫലംകായിക്കൽ ആന്തരികജീവന്റെ പ്രത്യക്ഷതയാണ്. മുന്തിരിവള്ളിയുടെ ആന്തരികജീവൻ പിതാവ് ആയിരിക്കുന്നതും പിതാവിനുള്ളതുമായ സകലത്തിന്റെയും ഐശ്വര്യങ്ങളാണ്. ഇത് മുന്തിരിവള്ളിയുടെ ഫലംകായിക്കലിനാൽ വെളിപ്പെടണം. അതുകൊണ്ട്, മുന്തിരിവള്ളിയുടെ ഫലംകായിക്കൽ പിതാവിനെ പുത്രനിൽ ആവിഷ്കരിക്കുന്നതിനാണ്.

### *3. മനുഷ്യന്റെ ദാഹം ശമിപ്പിക്കുവാൻ*

ഫലംകായിക്കൽ മനുഷ്യന്റെ ദാഹം ശമിപ്പിക്കുകയും ചെയ്യുന്നു. മുന്തിരിച്ചെടി ഫലം-മുന്തിരിങ്ങകൾ-കായിക്കുന്നു. ഈ മുന്തിരിങ്ങകളിൽനിന്ന് ജനത്തിന്റെ ദാഹം ശമിപ്പിക്കുവാൻ വീഞ്ഞോ മുന്തിരിച്ചാറോ ഉണ്ടാക്കുന്നു. മനുഷ്യന്റെ ദാഹം ശമിപ്പിക്കുവാൻ ചാറോ വീഞ്ഞോ ഉണ്ടാക്കുവാനുള്ള മുന്തിരിക്കുലകൾ കായിക്കുവാൻ കഴിയത്തക്കവണ്ണം ക്രിസ്തുവിന്റെ ജീവന്റെ ഐശ്വര്യങ്ങളാൽ ഇന്നു നാം നിറഞ്ഞിരിക്കണം. നാം എല്ലാവരും ഇങ്ങനെ പ്രാർത്ഥിക്കണം, "കർത്താവേ, മറ്റുള്ളവരുടെ ദാഹം ശമിപ്പിക്കുവാൻ നിന്റെ ജീവൻ എന്നിൽനിന്നും പുറത്തേക്ക് ഒഴുകണമേ."

### *4. മുന്തിരിവള്ളിയിൽ വസിക്കുകയും ശാഖകളിൽ വസിക്കുവാൻ മുന്തിരിവള്ളിയെ അനുവദിക്കുകയും ചെയ്യുക*

ശാഖകൾ മുന്തിരിവള്ളിയിൽ വസിക്കുന്നതിനാലും ശാഖകളിൽ വസിക്കുവാൻ മുന്തിരിവള്ളിയെ അനുവദിക്കുന്നതിനാലുമാണ് ഫലോല്പാദനം ഉണ്ടാകുന്നത്. യോഹന്നാൻ 15-ൽ വസിക്കൽ ഒരു നിർണ്ണായക കാര്യമാണ്. ഈ അദ്ധ്യായത്തിലുള്ള എല്ലാ കാര്യങ്ങളും വസിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. യഥാർത്ഥ വസിക്കൽ, നിങ്ങൾ ഒരു ശാഖയാണ് എന്ന വ്യക്തമായ ദർശനത്തെ, വ്യക്തമായ കാഴ്ചയെ, ആശ്രയിച്ചിരിക്കുന്നു. നിങ്ങൾ ഒരു ശാഖയാണെന്ന് നിങ്ങൾ കണ്ടുകഴിഞ്ഞാൽ മുന്തിരിവള്ളിയിൽനിന്ന് മാറി നിൽക്കുവാൻ നിങ്ങൾക്ക് പ്രയാസമായിരിക്കും. മുന്തിരിവള്ളിയിൽ തുടരുവാൻ നിങ്ങൾ ആഗ്രഹിക്കും. ഈ തുടരലാണ് വസിക്കൽ. വസിക്കുവാനായി ശ്രമിക്കരുത്, കാരണം ശ്രമിക്കുന്തോറും നിങ്ങൾ അകലും."കർത്താവേ, ഞാൻ ശാഖകളിൽ ഒരുവനാണെന്ന് എന്നെ വ്യക്തമായി കാണിക്കണമേ"എന്നു നാം പ്രാർത്ഥിക്കേണ്ടതുണ്ട്. ഒരു ദിവസം കർത്താവ് നിങ്ങൾക്ക് കാണിച്ചു തരുമെന്ന് ഞാൻ വിശ്വസിക്കുന്നു. ശാഖകളിൽ ഒരുവനാണ് നിങ്ങൾ എന്ന് നിങ്ങൾ കാണുകയും ഇങ്ങനെ പറയുകയും ചെയ്യും, "കർത്താവിനു സ്തോത്രം, ഞാൻ ശാഖകളിൽ ഒരുവനാണ്." പിന്നെ നിങ്ങൾ അവനിൽ വസിക്കും.

നിങ്ങൾ അവനിൽ വസിക്കുന്നിടത്തോളം, അവൻ നിങ്ങളിൽ വസിക്കും. നമ്മിലുള്ള അവന്റെ വാസം അവനിലുള്ള നമ്മുടെ വാസത്തെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ വാസം അവന്റെ വാസത്തിനുള്ള വ്യവസ്ഥയാണ്. എന്നാൽ നമ്മിലുള്ള അവന്റെ വാസം അവനിലുള്ള നമ്മുടെ വാസത്തിന്റെ വ്യവസ്ഥയല്ല. അവന് യാതൊന്നും വ്യവസ്ഥാപരമല്ല, എന്നാൽ നമുക്ക്, നാം വളരെ ചഞ്ചലിക്കുന്നവരായതുകൊണ്ട് വ്യവസ്ഥയുടെ ആവശ്യമുണ്ട്. നാം അവനിൽ വസിക്കുന്നില്ലെങ്കിൽ,

അവന് നമ്മിൽ വസിക്കുവാൻ ഒരു മാർഗ്ഗവുമില്ല. അവൻ മാറുന്നില്ലെങ്കിലും, നമുക്ക് വളരെ മാറ്റങ്ങളുണ്ട്. നാം ഇന്ന് അവനിൽ വസിച്ചേക്കാമെങ്കിലും നാളെ അവനിൽനിന്ന് ഓടി അകന്നേക്കാം. അതുകൊണ്ട് നമ്മിലുള്ള അവന്റെ വാസം അവനിലുള്ള നമ്മുടെ വാസത്തെ ആശ്രയിച്ചിരിക്കുന്നു. അവനിലുള്ള നമ്മുടെ വാസം നമ്മിലുള്ള അവന്റെ വാസത്തിനുള്ള വ്യവസ്ഥയാണ്. അതുകൊണ്ട്,"എന്നിൽ വസിക്കുവിൻ ഞാൻ നിങ്ങളിലും വസിക്കും"എന്ന് കർത്താവ് പറയുന്നു. നാം അവനിൽ വസിക്കുന്നുവെങ്കിൽ, അവൻ തീർച്ചയായും നമ്മിൽ വസിക്കും. നാം അവനിൽ വസിക്കുന്നില്ലെങ്കിൽ, നമ്മിൽ വസിക്കുന്നതിനുള്ള അവന്റെ വ്യവസ്ഥ നിറവേറ്റുന്നതിൽ നാം പരാജയപ്പെടുന്നു. അവന്റെ വാസം നമ്മുടെ വാസത്തെ ആശ്രയിച്ചിരിക്കുന്നു. ഈ പരസ്പര വാസം ഫലം ഉളവാക്കും.

### *5. സംഘാതമായ മാർഗ്ഗത്തിൽ*

ഫലം കായിക്കുന്ന ശാഖകളെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മുന്തിരിവള്ളിയിലുള്ള അവരുടെ വാസത്തിൽ, അവരിലാരും ചെടിയിൽനിന്ന് വേർപെട്ട് ഫലം കായിക്കുന്നില്ല. അവരെല്ലാവരും ഫലം കായിക്കുന്നത് അവരിലൂടെ പ്രവഹിക്കുന്ന ഒരേ ജീവനാലാണ്. അവരിൽ ഓരോരുത്തനും വ്യത്യസ്തമായി ഫലം കായിക്കുന്നതായി തോന്നും; വാസ്തവത്തിൽ, അവർ എല്ലാവരും ഒരു ചെടിയിലും ഒരു ജീവനാലും ആണ് ഫലം കായിക്കുന്നത്. ഇന്ന് നമ്മുടെ ഫലംകായിക്കലും ഇതുപോലെ ഒരു ശരീരത്തിലും ഒരേ ജീവനാലും ആയിരിക്കണം.

## F. ചെത്തി വെടിപ്പാക്കൽ

ഇപ്പോൾ നാം ചെത്തിവെടിപ്പാക്കുന്നതിലേക്ക് വരുന്നു. രണ്ടാം വാക്യത്തിൽ പിതാവിനെക്കുറിച്ച്,"കായിക്കുന്ന കൊമ്പ് ഒക്കെയും അധികം ഫലം കായിക്കേണ്ടതിനു അവൻ ചെത്തി വെടിപ്പാക്കുന്നു" എന്ന് കർത്താവ് പറഞ്ഞു. ചെത്തിവെടിപ്പാക്കൽ ആവശ്യമാണ്. ചെത്തി വെടിപ്പാക്കുന്നതിന്റെ അർത്ഥം ഉപയോഗമില്ലാത്തത് മുറിച്ചുനീക്കുക എന്നാണ്. ഉപയോഗമില്ലാത്തത് മുഖ്യമായും വളരെ പഴകിയ ഒന്നിൽനിന്നാണ് വരുന്നത്. ശാഖകൾ പഴയതാകുമ്പോൾ അവ ഫലം കായിക്കാതെയാകും. ഈ ശാഖകൾ ഫലം കായിക്കുന്നതിന് ഇടയാക്കുവാനുള്ള മാർഗ്ഗം ശാഖകളുടെ പഴയ ഭാഗങ്ങൾ മുറിച്ചുനീക്കുകയും പുതിയ മുളകൾ പുറത്തുവരുവാൻ അനുവദിക്കുകയും ആണ്. പഴയ ശാഖകളല്ല ഫലം കായ്ക്കുന്നത് പിന്നയോ പുതിയ മുളകളാണ്. പലപ്പോഴും നമുക്ക് കഷ്ടതകൾ ഉണ്ടാകുന്നതിന്റെ കാരണം ഇതാണ്. പഴയഭാഗം മുറിച്ചു നീക്കുകയും അങ്ങനെ ഫലം കായിക്കുവാനായി നാം പുതുതായിത്തീരുകയും ചെയ്യുന്ന ചെത്തി വെടിപ്പാക്കലാണ് കഷ്ടതകൾ. മുറിക്കുകയും ഒടിക്കുകയും

ചെയ്തുകൊണ്ടാണ് ചെത്തിവെടിപ്പാക്കൽ നടക്കുന്നത്. ഇത് വളരെ ഫലം കായിക്കുന്നതിനുവേണ്ടിയാണ്.

## G. പുറത്തു കളയൽ

### *1. മുന്തിരിവള്ളിയുടെ ജീവന്റെ ഐശ്വര്യങ്ങൾ ആസ്വദിക്കുന്നതിൽനിന്ന് ഒരു ശാഖ മുറിച്ചുകളയുക*

ഈ ഘട്ടത്തിൽ പുറത്തു കളയുന്നതിനെ സംബന്ധിച്ച് ഒരു വാക്ക് പറയേണ്ടത് ആവശ്യമാണ്. "എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പു പോലെ പുറത്തു കളഞ്ഞിട്ട് അവൻ ഉണങ്ങിപ്പോകുന്നു; ആ വക ചേർത്തു തീയിൽ ഇടുന്നു; അത് വെന്തുപോകും," എന്ന് 6-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. യോഹന്നാൻ 15-ൽ രക്ഷിക്കപ്പെടുന്നതിനെയോ നശിച്ചുപോകുന്നതിനെയോ സംബന്ധിച്ച ചിന്ത ഇല്ല. യോഹന്നാൻ 15-ലേക്ക് വരുമ്പോൾ നാം ഈ ധാരണ മറക്കണം. ഈ അദ്ധ്യായത്തിലെ ചിന്താവിഷയം ഫലം കായിക്കുവാനായി മുന്തിരിച്ചെടിയുടെ ഐശ്വര്യങ്ങൾ നാം ആസ്വദിക്കണമോ, അതോ ചെടിയുടെ ഐശ്വര്യങ്ങൾ നാം നഷ്ടപ്പെടുത്തണമോ എന്നതാണ്. പുറത്തു തള്ളപ്പെടുക എന്നാൽ നമ്മുടെ രക്ഷ നഷ്ടപ്പെടുക എന്നല്ല. അത് മുന്തിരിച്ചെടിയുടെ ജീവന്റെ ഐശ്വര്യങ്ങളുടെ ആസ്വാദനത്തിൽ നിന്ന് ഛേദിക്കപ്പെടുക എന്നാണ്. ഒരു ശാഖ ഛേദിക്കപ്പെടുമ്പോൾ, അത് പിന്നീട് മുന്തിരിവള്ളിയുടെ ജീവന്റെ ഐശ്വര്യങ്ങളിൽ പങ്കുപറ്റുന്നില്ല. അനേക ക്രിസ്ത്യാനികൾക്ക് ജീവൻ എന്ന നിലയിൽ ക്രിസ്തുവിന്റെ ഐശ്വര്യങ്ങളുടെ ആസ്വാദനം നഷ്ടപ്പെട്ടിരിക്കുന്നു.

### *2. ശാഖകളുടെ കൂട്ടായ്മയിൽനിന്ന് ഒരു ശാഖ മുറിച്ചുകളയുക*

പുറത്തു തള്ളപ്പെടുക എന്നതിന് ശാഖകളുടെ കൂട്ടായ്മയിൽ നിന്ന് ഛേദിക്കപ്പെടുക എന്നും അർത്ഥമുണ്ട്. ഛേദിക്കപ്പെടുന്ന ഒരു ശാഖയ്ക്ക് മറ്റു ശാഖകളുമായി ജീവനിൽ കൂട്ടായ്മയില്ല. അനേക ക്രിസ്ത്യാനികളും ഇതുപോലെയാണ്. അവർക്ക് മറ്റ് ക്രിസ്ത്യാനികളുമായി ജീവനിൽ കൂട്ടായ്മയില്ല.

### *3. പിതാവിനോടൊപ്പമുള്ള പുത്രന്റെ ആവിഷ്കാരത്തിൽനിന്ന് ഒരു ശാഖ മുറിച്ചുകളയുക*

കൂടാതെ, പുറത്തു തള്ളപ്പെടുക എന്നാൽ പിതാവിനോടൊപ്പമുള്ള പുത്രന്റെ ആവിഷ്കാരത്തിൽനിന്ന് ഛേദിക്കപ്പെടുക, വേർപെടുക, എന്നാണ് അർത്ഥം. ഒരു ശാഖ പുറത്തു തള്ളപ്പെടുമ്പോൾ, മേലാൽ മുന്തിരിവള്ളിയുടെ ആവിഷ്കാരം ഉണ്ടായിരിക്കുകയില്ല. ഇന്ന് അനേക ക്രിസ്ത്യാനികൾക്ക് പിതാവിനോടൊപ്പം പുത്രന്റെ ആവിഷ്കാരം സാധിക്കുന്നില്ല, കാരണം അവർ മുന്തിരിവള്ളിയിൽനിന്ന് ഛേദിക്കപ്പെട്ടിരിക്കുന്ന ശാഖകളാണ്.

### *4. ദിവ്യനിർണയത്തിൽനിന്ന് ഒരു ശാഖ മുറിച്ചുകളയുക*

അവസാനമായി, പുറത്തു തള്ളപ്പെടുക എന്നാൽ ദിവ്യനിർണയത്തിൽനിന്ന് ഛേദിക്കപ്പെടുക എന്നാണ്. മുന്തിരിച്ചെടിയായി പുത്രനെ നട്ടുവളർത്തുന്നതിൽ പിതാവായ ദൈവത്തിന്റെ ദിവ്യനിർണയം ദൈവത്വത്തിന്റെ നിറവ് ആവിഷ്കരിക്കുക എന്നതാണ്. ഒരു ശാഖ എന്ന നിലയിൽ മുന്തിരിച്ചെടിയിൽനിന്ന് പുറത്തു തള്ളപ്പെടുക എന്നാൽ ഈ ദിവ്യനിർണയത്തിൽനിന്ന് ഛേദിക്കപ്പെടുക എന്നാണ്. ഇന്നത്തെ അനേക ക്രിസ്ത്യാനികളും ദിവ്യനിർണയത്തിൽ പങ്കെടുക്കുന്നതിൽനിന്ന് ഛേദിക്കപ്പെട്ടിരിക്കുന്നു. ഒരു ശാഖ പുറത്തു തള്ളപ്പെടുമ്പോൾ, ക്രിസ്തുവിന്റെ ഐശ്വര്യങ്ങളുടെ ആസ്വാദനം അതിന് നഷ്ടപ്പെടുകയും, കൂട്ടുശാഖകളുമായുള്ള സമ്പന്നകൂട്ടായ്മ നഷ്ടപ്പെടുകയും, ദൈവത്തെ ആവിഷ്കരിക്കുന്നതിൽനിന്ന് വേർപെട്ടു പോകുകയും, ദൈവത്തിന്റെ ഉദ്ദേശ്യത്തിൽനിന്ന് ഛേദിക്കപ്പെടുകയും ചെയ്യുന്നു. നിങ്ങൾ ഫലം കായിക്കുന്നില്ലെങ്കിൽ, അതിനർത്ഥം നിങ്ങൾ ക്രിസ്തുവിന്റെ ഐശ്വര്യങ്ങളുടെ ആസ്വാദനത്തിൽനിന്ന് ഛേദിക്കപ്പെട്ടിരിക്കുന്നു എന്നാണ്. എന്നുവരികിലും, ഒരു വ്യക്തി നഷ്ടപ്പെടുമെന്നല്ല ഇതിന്റെ അർത്ഥം. തീയിലേക്ക് എറിയപ്പെടുക എന്നതിന്റെ അർത്ഥം എന്താണെന്ന് ഒരുപക്ഷേ നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാകും. അതിനർത്ഥം വരണ്ടുപോവുക എന്നാണ്. അനേക ക്രിസ്ത്യാനികൾക്ക് വരണ്ടു പോയിരിക്കുന്നതായുള്ള അനുഭവം തീർച്ചയായും ഉണ്ട്. നിത്യമായി രക്ഷിക്കപ്പെടുന്നുവോ അതോ നഷ്ടപ്പെടുന്നുവോ എന്ന വിഷയം പത്താം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. പതിനഞ്ചാം അദ്ധ്യായം രക്ഷയുടെ കാര്യത്തെ സംബന്ധിച്ചതല്ല, ക്രിസ്തുവിന്റെ ഐശ്വര്യങ്ങളുടെ ആസ്വാദനത്തിന്റെയും കൂട്ടു ശാഖകളുടെ ഇടയിലുള്ള അത്ഭുതകരമായ കൂട്ടായ്മയിൽ പങ്കുചേരുന്നതിന്റെയും, ദിവ്യസ്വരൂപത്തിന്റെ ആവിഷ്കാരത്തിന്റെയും, ദൈവോദ്ദേശ്യം നിറവേറ്റുന്നതിന്റെയും കാര്യമാണ്. ഇതാണ് യോഹ